പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1401 — 13.06.2014 ൽ മറുപടിക്ക്

**ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ് .സലീഖ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) 2011 മെയ് മുതൽ 2014 മാർച്ച് 31 വരെ ഓരോ വർഷവും വിവിധ ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(എ) 2011 മെയ് മുതൽ 2014 മാർച്ച് 31 വരെ ഒരോ വർഷവും വിവിധ ദൃശ്യ- പത്രമാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ടെൻഡർ | ഡിസ്പ്ലേ | ഇലക്ട്രോണിക് മാധ്യമം |
|---|---|---|---|
| 2011-12 | 6 കോടി | 24,88,92,778 | 5,28,93,924 |
| 2012-13 | 6 കോടി | 14,98,69,296 | 5,49,40,972 |
| 2013-14 | 6.5 കോടി | 11,78,52,200 | 5,73,84,209 |
| 2014-15 | തുകയൊന്നും ചെലവഴിച്ചിട്ടില്ല. | 9,22,445 | 2,32,84,640 |

ബി) മുഖ്യമന്ത്രിയുടെ ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിക്കായി പരസ്യങ്ങൾ ഉൾപ്പെടെയുള്ള പബ്ളിസിറ്റിക്കായി ചെലവായ തുക എത്ര; രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിക്കായി എത്ര തുക ചെലവഴിച്ചു;

(ബി) മുഖ്യമന്ത്രിയുടെ ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് പത്ര-ദൃശ്യമാധ്യമങ്ങളിൽ പി.ആർ.ഡി വഴി പരസ്യം നൽകിയിട്ടില്ല. രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ഏകദേശം 1.5 കോടി രൂപയുടെ 3 പരസ്യങ്ങൾ (2 ആൾ കേരള +1 ഡൽഹി എഡിഷൻ കളർ) നൽകിയിട്ടുണ്ട്. പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ ഉള്ള ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല. ബില്ലുകൾ പൂർണ്ണമായും ലഭ്യമായെങ്കിൽ മാത്രമേ ചെലവഴിച്ച തുക സംബന്ധിച്ച കൃത്യമായ വിവരം നൽകുന്നതിന് കഴിയുകയുള്ളൂ.

(സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാരിന്റെ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് പരസ്യയിനത്തിൽ എത്ര തുക ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് ചെലവഴിച്ചു; ഏതൊക്കെ മാധ്യമങ്ങൾക്ക് എന്ത് തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ 1000 ദിനം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് പത്ര മാധ്യമങ്ങൾക്ക് ഏകദേശം 2 കോടി 40 ലക്ഷം രൂപയുടെ രണ്ടു പരസ്യം പ്രസിദ്ധീകരണത്തിനായി നല്കിയിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങൾക്ക് 72,94,553/- രൂപയ്ക്കുള്ള പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പത്ര-ദൃശ്യമാധ്യമങ്ങൾക്ക് തുകയൊന്നും നാളിതുവരെ നൽകിയിട്ടില്ല.

(ഡി) പി.ആർ.ഡി.നിരക്ക് പ്രകാരമല്ലാതെ ചട്ടം ലംഘിച്ച് ഏതെല്ലാം ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ തുക ചെലവഴിച്ചു; വിശദമാക്കുമോ;

(ഡി) പി.ആർ.ഡി നിരക്ക് അല്ലാതെ കാർഡ് റേറ്റിന്റെ 30% ഡിസ്കൗണ്ട് ഈടാക്കി മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങൾക്ക് പ്രത്യേക നിരക്കിൽ ആൾ കേരള എഡിഷനിൽ രണ്ട് പരസ്യം നൽകിയിട്ടുണ്ട്. പരസ്യം പ്രസിദ്ധീകരിച്ചതിന്റെ തുക ചെലവഴിച്ചിട്ടില്ലാത്തതാണ്.

(ഇ) റീലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക എത്രയാണ് ; വ്യക്തമാക്കുമോ;

(ഇ) റീലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് കുടിശ്ശികയിനത്തിൽ ഏകദേശം 20,27,51,166/- രൂപ നൽകുവാനുണ്ട്.

(എഫ്) 2014-15 നടപ്പു വർഷം നാളിതുവരെ സർക്കാരിനായി പരസ്യയിനത്തിൽ ദൃശ്യ -പത്ര മാധ്യമങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ?

(എഫ്) 2014-15 നടപ്പു വർഷം നാളിതുവരെ സർക്കാരിനായി പരസ്യയിനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്കായി 2,42,07,085 രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ